# കച്ചേരിപറമ്പ് എ.എം.എൽ.പി.സ്കൂൾ
## കണ്ണാട്ടിക്കുളം, കൊളത്തറ

# അക്കാദമിക് മാസ്റ്റർ പ്ലാൻ



# അക്കാദമിക് മാസ്റ്റർ പ്ലാൻ ആമുഖം

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നി പൊതു വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന സവിശേഷ പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. പൊതു വിദ്യാലയങ്ങളെ സമൂഹത്തിന്റെ പിന്തുണയോടെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഇത് ലക്ഷ്യമിടുന്നത്. വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്ത മേഖലകളുടേയും വികാസം ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഒരു വിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എങ്ങനെയായിത്തീരുമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന രേഖയാണിത്. അതായത് വിദ്യാലയം അതിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യത്തിലെത്തിച്ചേരാൻ ആസൂത്രണം ചെയ്യുന്ന പദ്ധതികളുൾപ്പെടുന്നതാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇതിന് പ്രധാനമായും കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തന പദ്ധതികൾ എന്നീ മൂന്ന് ഘടകങ്ങളാണുള്ളത്.

കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇതിന്റെ മുഖ്യ ലക്ഷ്യങ്ങളാണ്.

- എല്ലാകുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തും.
- 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും ആവിഷ്ക്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കും.
- 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ, താൽപ്പര്യങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാകും.

വിദ്യാഭ്യാസ നിലവാരമുയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു.

# വിദ്യാലയ- വികസന
# പൊതുകാഴ്ചപ്പാട് ലക്ഷ്യങ്ങൾ

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണം എന്ന ലക്ഷ്യത്തോടെയാണ് പൊതു വിദ്യാലയ സംരക്ഷണ യജ്ഞം സർക്കാർ ആരംഭിച്ചത്. പൊതു വിദ്യാലയങ്ങളിലെത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ പ്രധാനം ചെയ്തുകൊണ്ട് ഉറപ്പാക്കുകയെന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഥമ ലക്ഷ്യം.

ഇതിന്റെ ഭാഗമായി സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന സമിതി 15 -12-16ന് 30 അംഗങ്ങളോടുകൂടി രൂപീകരിച്ചു. കൗൺസിലർ ശ്രീജാ ഹരീഷ് ചെയർമാനും പി.ടി.എ. പ്രസിഡണ്ട് എൻ.പി. ശിവശങ്കരൻ വൈസ് ചെയർമാനും മേരിക്കുട്ടി അബ്രഹാം (HM) കൺവീനർ ആയും തെരഞ്ഞെടുക്കപ്പെട്ടു. വിവിധ മേഖലകളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. കരട് തയ്യാറാക്കി തുടർന്ന് സമഗ്ര വിദ്യാലയ വികസന രേഖ തയ്യാറാക്കി.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികൾ ഓരോ ക്ലാസ്സിലും നേടേണ്ട പഠനശേഷികൾ നേടുന്നു എന്ന് ഉറപ്പിക്കുക.
- അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം നൽകുക.
- കാര്യക്ഷമമായ അധ്യാപക പരിശീലനം ഉറപ്പു വരുത്തുക.
- പാഠ്യേതര മികവ് ഉയർത്തുന്നതിനുള്ള ഭൗതിക-മാനസിക സൗകര്യങ്ങൾ ഒരുക്കുക.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുക.

# മലയാള ഭാഷാ പാഠ്യപദ്ധതി
# ലക്ഷ്യങ്ങൾ

ജനാധിപത്യ സമൂഹത്തിലെ ഒരംഗം എന്ന നിലയിൽ സമൂഹത്തിന്റെ സഹായത്തോടെ തന്റെ കഴിവുകളെ പരമാവധി വികസിപ്പിക്കുവാനും തനിക്കും താനുൾപ്പെട്ട സമൂഹത്തിനും ഗുണപരമായ രീതിയിൽ പ്രവർത്തിക്കാനും ഓരോ വ്യക്തിയേയും പ്രാപ്തനാക്കുകയാണ് പാഠ്യപദ്ധതിയുടെ വിശാലമായ ലക്ഷ്യം.

- ആശയങ്ങൾ കേട്ടു ഗ്രഹിക്കാനുള്ള ശേഷി
- ഔപചാരികവും അനൗപചാരികവുമായ സന്ദർഭങ്ങളിൽ ഫലപ്രദമായി ഭാഷണം ചെയ്യാനുള്ള ശേഷി.
- വ്യത്യസ്ത വായനാസാമഗ്രികൾ വായിച്ച് ആശയങ്ങൾ ഗ്രഹിക്കാനുള്ള ശേഷി
- ഭംഗിയായും ശരിയായും യുക്തിപൂർവമായും എഴുതി പ്രകടിപ്പിക്കാനുള്ള ശേഷി
- വിവിധ ഭാഷാ വ്യവഹാരങ്ങൾ ആസ്വദിക്കാനും സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള ശേഷി.
- ഒരു സാമൂഹ്യോത്പന്നമെന്ന നിലയിൽ ഭാഷയുടെ ശക്തിയും സാംസ്കാരിക സവിശേഷതകളും ഘടകങ്ങളും തിരിച്ചറിയാനും അതിന്റെ സാംസ്കാരിക ധർമ്മം കണ്ടെത്താനുമുള്ള ശേഷി.
- തന്റെയും സമൂഹത്തിന്റെയും തനിമ നിർണ്ണയിക്കുന്ന ഘടകമെന്ന നിലയിൽ മാതൃഭാഷയിൽ അഭിമാനം കൊള്ളാനുള്ള മനോഭാവം.

**മേഖല : അക്കാദമികം**
**ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുന്നു | വായന കാർഡ് നിർമ്മാണം. വായന മൂല സജ്ജീകരിക്കൽ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |
| • ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | ഭാവാത്മക വായന | ജൂൺ മാർച്ച് | | |
| • ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. | പാട്ടരങ്ങ് കവിതാ പൂരണം | ജൂൺ മാർച്ച് | | |
| • ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ ലഘു വിവരണം തയ്യാറാക്കുന്നു. | കയ്യെഴുത്ത് മാസിക, മാഗസിൻ, പതിപ്പ് എന്നിവ തയ്യാറാക്കൽ | ജൂൺ മാർച്ച് | HM, SRG കൺവീനർ ക്ലാസ് ടീച്ചർ | സ്പോൺസർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| • ആസ്വദിച്ച ഭാഷാപ്രയോഗങ്ങൾ വ്യതിരിക്തമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുക. | നാടൻപാട്ട് ശില്പശാല അടക്കം പതിപ്പ് | ജൂൺ മാർച്ച് | HM SRG കൺവീനർ | മാനേജ്മെന്റ് |
| • കേരളത്തിലെ തനത് കലാരൂപങ്ങളെ പരിചയപ്പെടുന്നു. | ചിത്രശേഖരണം, ആൽബം, അഭിമുഖ സംഭാഷണം | | | |
| • വിവിധയിനം നാടൻ പലഹാരങ്ങൾ തിരിച്ചറിയുന്നു. | പലഹാര മേള - പാചക കുറിപ്പ് തയ്യാറാക്കൽ | | | |
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം. | ലക്ഷ്യം നേടുന്നത് വരെ | | |
| • സർഗശേഷിയുടെ പ്രദർശനം | സർഗോത്സവം റോൾ പ്ലേ, സ്കിറ്റ് ഡ്രാമ. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |

# Preface

English in India is today is a symbol of people's aspirations for quality in education and fuller participation in national and international life. English is the language that empowers our people in the present context.

English enjoys a status which no other language has. It is a language of trade, commerce, higher education and science. Besides it has or felt impact on the internet and social media. It is a language of employment and opportunity. In Kerala English has its strong grip in the entire social fabric. Education, politics trade, commerce, religion are some realms influenced by English. The demand of the public for English compelled the authorities to introduce English from class onwards in schools of Kerala.

# ഇംഗ്ലീഷ് ഭാഷാ പഠനം - ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറി കടക്കാൻ പിന്തുണ നൽകുക
- ലോകഭാഷയെന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ കഴിവ് നേടുക.
- മികച്ച് വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷ വ്യവഹാരങ്ങളിൽ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഐ ടി സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷാപഠനത്തെ പ്രയോനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഇംഗ്ലീഷ് ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക.
- സർഗാത്മക രചനകൾ നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക.

| Aim | Activities | Year | Duty | Finance |
|---|---|---|---|---|
| • Describe orally about the pictures and objects. | Provides picture cards | JUNE MARCH | Class Teacher | |
| • Familiarise with Simple Words. | prepare reading Cards. | JUNE MARCH | Class Teacher | |
| • To develop listening Skills reading Skills | Conversations Skit, Stories Use ICT | JUNE MARCH | | |
| • Make Symbol description about the picture | Self introduction - Picture reading | | class Teacher | |
| • Develop the Creative speaking, handwriting, diary writing, | Diary writing reading Cards Rhyming Words | | | |

| | | | | |
|---|---|---|---|---|
| To improve the Presentation | English Club, Assembly, Reads letters from friends. | JUNE MARCH | HM SRG | |
| write Short description about events/ and familiar objects | Describe the picture | | | |

# പരിസരപഠനം - ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്രബോധം വളർന്നു വികസിക്കുകയും അതു നിത്യ ജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും വേണം.

- നിരീക്ഷണ-പരീക്ഷണം, ദത്തശേഖരണം, ശേഖരിച്ച വിവരങ്ങൾ തരം തിരിക്കൽ, വ്യാഖ്യാനിക്കൽ, വിശകലനം ചെയ്യൽ, നിഗമനത്തിലെത്തൽ, പരി ശോധിക്കൽ, ആശയ വിനിമയം ചെയ്യൽ തുടങ്ങിയ ശാസ്ത്രപഠനത്തിന്റെ പ്രവർത്തന രീതി കുട്ടിക്ക് സ്വായത്തമാകാനാകണം

- ദൈനം ദിന ജീവിതപ്രശ്നങ്ങളെയും സാമൂഹിക പ്രശ്നങ്ങളെയും സത്യസന്ധമായി വിശകലനം ചെയ്യാനും അവക്ക് യുക്തിഭദ്രമായ പരിഹാരം കണ്ടെത്താനും നിർദ്ദേശിക്കാനും കഴിയണം.

- സാങ്കേതികവും തൊഴിൽപരവുമായ തന്റെ കഴിവും അഭിരുചിയും തിരി ച്ചറിയാനും വികസിപ്പിക്കാനും കഴിയണം.

- പരിസ്ഥിതി പ്രശ്നങ്ങളോട് ക്രിയാത്മകമായി ഇടപെടാൻ കഴിയണം.

- കാര്യകാരണത്തിൽ അധിഷ്ഠിതമായ യുക്തിചിന്ത വളർന്നു വികസി ക്കണം.

- മാനവിക മൂല്യങ്ങൾ സ്വാംശീകരിക്കുകയും അവയിലൂന്നിക്കൊണ്ടുള്ള പ്രപഞ്ച വീക്ഷണം വികസിക്കുകയും ചെയ്യണം.

- ചുറ്റുപാടുകളെ സംബന്ധിച്ച് ആർജിച്ച ആശയങ്ങൾ ഉചിതമായ രീതി യിൽ വിനിമയം ചെയ്യാൻ കഴിയണം.

- അളക്കാനും വിവരം രേഖപ്പെടുത്താനുമുള്ള കഴിവ് നേടണം
.
- ദൈനം ദിന ജീവിതവുമായ പഠനത്തെ ബന്ധപ്പെടുത്തുക.

- വ്യക്തിശിചിത്വവും സാമൂഹിക ശിചിത്വവും പാലിച്ചുകൊണ്ട് ശാരീ രിക മാനസിക-സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവജാലങ്ങളിലെ വൈവിധ്യം | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം, തൈ നടൽ | ജൂൺ | | |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സ്വഭാവവും സൃഷ്ടിക്കുന്നതിന് | ആരോഗ്യ ബോധവത്കരണ ക്ലാസ്<br>ശുചിത്വസർവ്വേ ശുചിത്വ മത്സരം | ജൂലായ് ആഗസ്റ്റ് | HM ക്ലാസ് ടീച്ചർ | |
| ശാസ്ത്രബോധം വളർത്തുന്നതിന് | ലഘുപരീക്ഷണങ്ങൾ പ്ലാനറ്റോറിയം സന്ദർശിക്കൽ | | HM SRG കൺവീനർ | സ്പോൺസർ |
| ജീവികളുടെ ആവാസവ്യവസ്ഥ അടുത്തറിയാൻ | ഫീൽഡ് ട്രിപ്പ് | സെപ്തംബർ ഡിസംബർ | ക്ലാസ് ടീച്ചർ | |
| കുട്ടികളിൽ സഹജീവി സ്നേഹം വളർത്തിയെടുക്കാൻ വേണ്ട പ്രവർത്തനം | വേനൽക്കാല ദാഹാമൃതം പദ്ധതി | ജനുവരി മാർച്ച് | കുട്ടികൾ | |

# മേഖല - അക്കാദമികം
# ഉപമേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂപടമൊരുക്കൽ | വസ്തുക്കൾ ഉപയോഗിച്ച് ഭൂപടം നിർമ്മിക്കുന്നു. | നവംബർ | | |
| പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട നേരറിവ് സാധ്യമാക്കാൻ | ICT സാധ്യത | ജൂൺ മുതൽ മാർച്ച് | | |
| നാട്ടിലെ വിവിധ തൊഴിലുകൾ | ICT സാധ്യത ഉപയോഗപ്പെടുത്തി വിവിധതരം തൊഴിലുകളെ പരിചയപ്പെടുത്തുന്നു | | | |
| അടുക്കളത്തോട്ടം നിർമ്മിക്കൽ (വിവിധതരം കാർഷിക വിളകൾ) | അടുക്കളത്തോട്ടം നിർമ്മിക്കൽ | ജൂൺ - മാർച്ച് | പരിസ്ഥിതി Club | |

# ഗണിതപഠനം - ലക്ഷ്യങ്ങൾ

ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.

- മറ്റുവിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത ശേഷികൾ നേടുക.
- കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കുക
- പ്രശ്ന പരിഹരണത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കിട്ടി കഴിവു നേടുക.
- ഗവേഷണ പ്രവർത്തനങ്ങളിൽ താൽപര്യമുണ്ടാക്കുക.
- വസ്തുതകളെ ഗണിതാശയങ്ങളും ഉപയോഗപ്പെടുത്തി അപഗ്ര ഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് നേടുക
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക.
- ബന്ധങ്ങൾ മനസ്സിലാക്കുന്നതിനും കാര്യകാരണസഹിതം വിശ ദീകരിക്കുന്നതിനുമുള്ള കഴിവുണ്ടാക്കുക.
- കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തരാക്കുക.
- അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീ കരിക്കുന്നതിനും കഴിയുക
- സർഗാത്മക ചിന്ത വളർത്തുക.
- ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോ ഗിക്കാൻ കഴിയുക.
- വസ്തുതകളെ വിശകലനം ചെയ്ത് പൊതു തത്വങ്ങൾ രൂപീകരി ക്കാനുള്ള കഴിവ് നേടുക.
- ഗണിത പഠനത്തിൽ ഐ.സി.ടി. സാധ്യതകൾ ഉപയോഗിക്കാൻ കഴിയുക.

മേഖല - അക്കാദമികം
ഉപമേഖല- ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചുറ്റുപാടുകളെ നിരീക്ഷിച്ച് ജ്യാമിതിയരൂപം തിരിച്ചറിയൽ | ജ്യാമിതിയ രൂപങ്ങൾ കണ്ടെത്തുന്നു നിർമ്മിക്കുന്ന<br>ടാൻഗ്രാം നിർമ്മാണം | ജൂൺ ജൂലായ് | HM SRG കൺവീനർ ക്ലാസ് ടീച്ചർ | |
| ഒന്നുമുതൽ ഉള്ള എണ്ണൽ സംഖ്യകളുടെ തിരിച്ചറിവ്, സ്ഥാനവില മനസ്സിലാക്കൽ | അബാക്കസ് സംഖ്യാകാർഡ് സ്ഥാനവില-പോക്കറ്റ് | ജൂൺ സപ്തം-ബർ | ക്ലാസ് ടീച്ചർ | |
| പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | കളിനോട്ടുകൾ ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ | | ക്ലാസ് ടീച്ചർ | SSK ഫണ്ട് |
| ഗണിതപഠനം ആകർഷകവും സുതാര്യവുമാക്കൽ | ഗണിതകിറ്റ് ഗണിതലാബ് | | | |

| | | | | |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ലഘൂകരിക്കൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ നിർദ്ധാരണം | ജൂൺ<br>മാർച്ച് | SRG കൺവീനർ<br>ക്ലാസ് ടീച്ചർ | |
| ഗണിതപിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാനശേഷി ഉറപ്പിക്കൽ | | | |

# സാമൂഹ്യ-ആരോഗ്യ-കായിക വിദ്യാഭ്യാസം-ലക്ഷ്യങ്ങൾ

- കുട്ടിയുടെ സാമൂഹ്യവും വ്യക്തിപരവും വൈകാരികവും ശാരീരികവുമായ വികാസം ഉറപ്പുവരുത്തുക.

- കുട്ടിയുടെ ആരോഗ്യപരവും കായികപരവുമായ ഘട്ടങ്ങൾ പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവവും വളർത്തുകയും ചെയ്യുക.

- വിവിധങ്ങളായ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കാനുള്ള ശേഷികൾ ആർജിക്കുക.

- ശരീരചലനം നിയന്ത്രിക്കുന്ന വിവിധ ഘട്ടങ്ങൾ തിരിച്ചറിയുകയും ശരീരത്തെ സർഗാത്മകമായ ചലനങ്ങൾക്കുള്ള ഉപാധിയായി വികസിപ്പിക്കുകയും ചെയ്യുക.

- സാമൂഹ്യപരമായ ഉത്തരവാദിത്വങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുകയും ജനാധിപത്യപരമായ പഠന ജീവിത ശൈലികൾ പാലിക്കുകയും ആസ്വദിക്കുകയും ചെയ്യുക.

- തന്നെക്കുറിച്ചു തന്നെയുള്ള അവബോധം, ആത്മവിശ്വാസം തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ്, ആരോഗ്യകരമായ ജീവിതത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാട്, തന്റെ ശരീരത്തെക്കുറിച്ചുള്ള ബോധം, സമീകൃതമായ ആഹാരത്തിന്റെ ആവശ്യകത, തന്റെയും സമൂഹത്തിന്റെയും സുരക്ഷ നിലനിർത്തുന്ന ഘടകങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ്, കായിക അഭിരുചി സ്വയം കണ്ടെത്തൽ എന്നിവയാണ് സാമൂഹ്യ ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളായി പാഠ്യപദ്ധതി മുന്നോട്ട് വെച്ചിട്ടുള്ളത്.

# ആരോഗ്യ-കായിക വിദ്യാഭ്യാസം

ആരോഗ്യ-കായിക വിദ്യാഭ്യാസത്തിൽ കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്കൂളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആഴ്ചയിൽ ഒരു ദിവസം മാസ്ഡ്രിൽ നടത്തുന്നു. കരാട്ടെ, യോഗ, സൈക്കിൾ പരിശീലനം, നീന്തൽ പരിശീലനം എന്നിവ പ്രാദേശിക വിദഗ്ധരുടെ സേവനത്താൽ ചെയ്യുന്നു. കരാട്ടെ പരിശീലനത്തിൽ ഓറഞ്ച് ബെൽട്ട് വരെ വാങ്ങിയിട്ടുണ്ട്. എല്ലാവർഷവും സ്കൂൾ സ്പോർട്സ് നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകാറുണ്ട്. കഞ്ഞാട്ടിക്കുളം സ്റ്റേഡിയം ഉപയോഗപ്പെടുത്തി ഈ വർഷം മുതൽ ഫുട്ബോൾ പരിശീലനം നടത്താനും തീരുമാനിച്ചു.

# കലാപഠനം- ലക്ഷ്യങ്ങൾ

- ക്ലാസ്സ് മുറിയും സ്കൂളും വീടും സമൂഹവുമെല്ലാം ഉൾപ്പെടുന്ന ചുറ്റുപാടിലെ നല്ലതും സുന്ദരവുമായ എല്ലാത്തിനെക്കുറിച്ചും ആഹ്ലാദം തോന്നതക്കവിധം നോക്കി കാണാൻ കുട്ടികളെ ബോധ വാന്മാരാക്കുക.

- ജീവിതത്തിന്റെ എല്ലാവശങ്ങളെയും കുറിച്ച് തങ്ങളുടെ ആശ യവും വികാരങ്ങളും സ്വതന്ത്രമായി പ്രകടിപ്പിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക.

- നിരീക്ഷണം, അന്വേഷണം, ആശയ പ്രകാശനം എന്നിവ വഴി കുട്ടി കളുടെ എല്ലാ ഇന്ദ്രിയങ്ങളെയും വികസിപ്പിക്കുക.

# കലാപഠനം

കുട്ടികളുടെ കലാപഠനത്തിനായി ആഴ്ച യിലൊരു പിരീഡ് മാറ്റി വെയ്ക്കുന്നു. ഇതി ലൂടെ എല്ലാ കുട്ടികൾക്കും ഒറ്റയ്ക്കും കൂട്ടാ യും അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. തുടർന്ന് സ്കൂൾതല ബാലസ ഭയിൽ അവതരിപ്പിക്കുന്നു. ബാലസഭയിൽ കലാപഠനം പരിപോഷിപ്പിക്കുന്നതിനാ വശ്യമായ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. ഇതിനായി നൃത്ത പരിശീല ന ക്ലാസുകൾ നൽകി വരുന്നു. മികച്ച പ്രകടനം കാഴ്ചവെക്കുന്നവരെ സബ്-ജില്ല തലത്തിലേക്ക് പങ്കെടുപ്പിക്കുന്നു.